## പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 49 — 27-06-2011 - ൽ മറുപടിക്ക്

### എച്ച്.എസ്.എ (കണക്ക്) പി.എസ്.സി റാങ്ക് ലിസ്റ്റ്

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ കുഞ്ഞിരാമൻ (ഉദുമ) | | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) കാസർഗോഡ് ജില്ലയിൽ എച്ച്. എസ്. എ കണക്ക് (മലയാളം മീഡിയം) തസ്തികയിൽ നിയമനത്തിനായുള്ള പി. എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ ; | (എ) | ഉണ്ട് |
| (ബി) എങ്കിൽ പ്രസ്തുത ലിസ്റ്റ് എന്നാണ് പ്രസിദ്ധീകരിച്ചതെന്നും എത്ര പേർക്ക് നിയമനം നൽകിയെന്നും അറിയിക്കുമോ; പ്രസ്തുത തസ്തികയിൽ ജില്ലയിൽ എത്ര ഒഴിവുകളുണ്ട്; ഇവ പി. എസ്. സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വിശദമാക്കുമോ; | (ബി) | റാങ്ക് ലിസ്റ്റ് 06.11.2010 ൽ പ്രസിദ്ധീകരിച്ചു. അതിൽ 20 പേർക്ക് നാളിതുവരെ നിയമനം നൽകിയിട്ടുണ്ട്. 24 ഒഴിവുകൾ നിലവിലുണ്ട്. അതിൽ 12 ഒഴിവുകൾ പി. എസ്സ്. സി ക്ക് റിപ്പോർട്ട് ചെയ്യപ്പെടേണ്ടതാണ് എന്നാൽ 17.12.2004 -ൽ പ്രാബല്യത്തിൽ വന്നതും 16.12.2007 -ൽ കാലാവധി അവസാനിച്ചതുമായ ടി തസ്തികയിലേക്കുള്ള റാങ്ക് ലിസ്റ്റ് നിലവിലിരിക്കവെ അന്ന് സർവ്വശിക്ഷാ അഭിയാൻ പദ്ധതിയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ 7 എച്ച്. എസ്. എ (കണക്ക് - മലയാളം മീഡിയം) നിയോഗിക്കപ്പെട്ടതിനെ തുടർന്നുണ്ടായ 7 ഒഴിവുകളിൽ |

പി. എസ്സ്. സി മുഖാന്തിരം നിയമനം നടത്തുകയുണ്ടായില്ല. ടി 7 ഒഴിവുകൾ 16.12.2007 ൽ കാലാവധി അവസാനിച്ച റാങ്ക് ലിസ്റ്റിൽ നിന്ന് നികത്തുന്നതിന് 05. 02. 2011 ലെ സ. ഉ (സാധാ) നമ്പർ.505/2011/പൊ.വി.വ പ്രകാരം ഉത്തരവായതിനാൽ ആ 7 ഒഴിവുകളും, ഇപ്പോൾ നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്ന് നിയമനശുപാർശ നൽകുന്നതിനായി ശേഷിക്കുന്ന 5 ഒഴിവുകളും പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) നിയമനം നടത്തുന്നതിന് ഇപ്പോൾ എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; എങ്കിൽ അവ നീക്കി എന്നത്തേയ്ക്ക് നിയമനം നൽകാനാകും എന്ന് അറിയിക്കുമോ?

(സി) തടസ്സങ്ങൾ ഒന്നും നിലവിലില്ല. പി.എസ്സ്.സിയിൽ നിന്ന് നിയമനശുപാർശ ലഭിയ്ക്കുന്ന മുറയ്ക്ക് നിയമനം നൽകാനാകും.

---

സെക്ഷൻ ഓഫീസർ